**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2031** **05-02-2026 - ൽ മറുപടിയ്ക്ക്**

**സെക്രട്ടേറിയറ്റ് ഓഫീസ് അറ്റൻഡന്റ് തസ്തിക മാറ്റം സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സെക്രട്ടേറിയറ്റ് ഓഫീസ് അറ്റൻഡന്റ് എന്ന തസ്തികയെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയതിന്റെ ഫലമായി പ്രസ്തുത തസ്തികയിലെ ജീവനകാർക്ക് ലഭിച്ച സർവീസ് ആനുകൂല്യങ്ങൾ ഏതെല്ലാമാണെന്നും നഷ്ടമായ സർവ്വീസ് ആനുകൂല്യങ്ങൾ ഏതെല്ലാമാണെന്നും വിശദമാക്കാമോ; | (എ) | ഓഫീസ് അറ്റൻഡന്റ് തസ്തികയെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയ പ്രാബല്യത്തീയതിയിൽ പ്രസ്തുത തസ്തികയിൽ ഉണ്ടായിരുന്ന ജീവനക്കാരുടെ ഒരു ആനുകൂല്യവും നഷ്ടപ്പെട്ടിട്ടില്ല. |
| (ബി) | സെക്രട്ടേറിയറ്റ് ഓഫീസ് അറ്റൻഡന്റ് എന്ന തസ്തികയ്ക്ക് പുറമെ പത്താം ക്ലാസ് യോഗ്യതയുള്ള തസ്തികകളിൽ 23,000–50,200 രൂപ അടിസ്ഥാന ശമ്പള സ്കെയിലുള്ള മറ്റ് സർക്കാർ വകുപ്പുകൾ ഏതെല്ലാമാണ്; പ്രസ്തുത വകുപ്പും, തസ്തികകളും വ്യക്തമാക്കാമോ; | (ബി) | ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ ശമ്പളസ്കെയിൽ 23,000-50200 ആണ്. |
| (സി) | സെക്രട്ടേറിയറ്റിലെ താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്ന് തസ്തിക മാറ്റം വഴി 4% ക്വോട്ടയിൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനത്തിന്, ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിശ്ചിത വർഷം സേവനം നിർബന്ധമാണോ; വിശദമാക്കാമോ; | (സി) | ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ കുറഞ്ഞത് 4 വർഷം സേവനം നിർബന്ധമാണ്. |
| (ഡി) | ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിശ്ചിത വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടില്ലാത്ത താഴ്ന്ന വിഭാഗം ജീവനക്കാർക്ക്, 4% ക്വോട്ടയിൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തിക മാറ്റം വഴിയുള്ള നിയമനത്തിന് അർഹതയുണ്ടോ; വിശദമാക്കാമോ? | (ഡി) | ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ കുറഞ്ഞത് 4 വർഷം സേവനം നിർബന്ധമാണ്. |

സെക്ഷൻ ഓഫീസർ